**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3147** **07-10-2025 - ൽ മറുപടിയ്ക്ക്**

**ജലം പാഴായി പോകുന്നത് തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജല അതോറിറ്റി വിതരണത്തിനായി വിനിയോഗിക്കുന്ന ജലത്തിന്റെ 40 മുതൽ 45 ശതമാനം വരെ പാഴായി പോകുന്നതായി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അപ്രകാരം ജല അതോറിറ്റിക്കുണ്ടാകുന്ന നഷ്ടം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ജല അതോറിറ്റി ജല വിതരണത്തിനായി വിനിയോഗിക്കുന്ന ജലം, വിതരണ ശൃംഖലയിലെ പൊട്ടലുകൾ, ചോർച്ച, ജലമോഷണം തുടങ്ങിയവ മൂലം നഷ്ടമാകാറുണ്ട്. ഓരോ ദിവസവും ഭൂമിക്കടിയിൽ ഉണ്ടാവുന്ന ജല ചോർച്ച, പൈപ്പിന്റെ വ്യാസവും പൊട്ടലിന്റെ വ്യാപ്തിയും അനുസരിച്ച് വ്യത്യാസപ്പെടുന്നു. ആയതിനാൽ കൃത്യമായ ശതമാനം കണക്കാക്കാൻ സാധിച്ചിട്ടില്ല. എന്നിരുന്നാലും വിതരണം ചെയ്യുന്ന ജലത്തിന്റെ ഏകദേശം 30 മുതൽ 40 ശതമാനം വരെ നഷ്ടപ്പെടുന്നതായി കണക്കാക്കാറുണ്ട്. അപ്രകാരം ജല അതോറിറ്റിക്കുണ്ടാകുന്ന നഷ്ടം എത്രയാണെന്ന് കൃത്യമായി കണക്കാക്കിയിട്ടില്ല. |
| (ബി) | ജലവിതരണ പൈപ്പുകൾ വഴിയുള്ള ചോർച്ച, ജലമോഷണം, മീറ്ററുകൾ പ്രവർത്തിക്കാതിരിക്കുന്നത് എന്നിവ കാരണം നഷ്ടം ഉണ്ടാകുന്നുണ്ടോ; വിശദവിവരം നൽകുമോ; | (ബി) | ജലവിതരണ പൈപ്പുകൾ വഴിയുള്ള ചോർച്ച ജലമോഷണം, മീറ്ററുകൾ പ്രവർത്തിക്കാതിരി ക്കുന്നത് എന്നിവ കാരണം നഷ്ടം ഉണ്ടാകുന്നുണ്ട്. വിതരണ പൈപ്പുകൾ വഴിയുള്ള ചോർച്ച അതാത് സമയങ്ങളിൽ അറ്റകുറ്റ പണി നടത്തി പരിഹരിച്ച് വരുന്നുണ്ട്. അനധികൃത ഉപയോഗങ്ങൾ കണ്ടെത്തി തടയുന്നതിന് ആന്റി തെഫ്റ്റ് സ്ക്വാഡ് പ്രവർത്തിച്ചുവരുന്നുണ്ട്. പ്രവർത്തന രഹിതമായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുവാൻ ഉപഭോക്താക്കൾക്ക് നോട്ടീസ് നല്കി ആയത് കാലതാമസം കൂടാതെ മാറ്റി വയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട് |
| (സി) | ജല നഷ്ടത്താൽ ഉണ്ടാകുന്ന വരുമാന നഷ്ടം കുറയ്ക്കുന്നതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ? | (സി) | ജല ജീവൻ മിഷൻ, അമൃത്, സ്റ്റേറ്റ് പ്ലാൻ മുതലായ വിവിധങ്ങളായ പദ്ധതികളിലുൾ പ്പെടുത്തി ഫണ്ട് ലഭ്യതക്കനുസരിച്ച് കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ റോഡ് നവീകരണ പ്രവൃത്തികളുടെ ഭാഗമായി കാലപ്പഴക്കം ചെന്ന പൈപ്പ് ലൈനുകളും, ഇന്റർകണക്ഷനുകളും മറ്റും മാറ്റി കുടിവെള്ള |

| | | | |
|---|---|---|---|
| | | | ജലവിതരണ ശൃംഖല ശക്തിപ്പെടുത്തുന്ന പ്രവൃത്തികളും നടപ്പിലാക്കി വരുന്നുണ്ട്.<br><br>കൃത്യ സമയത്തുള്ള അറ്റകുറ്റപ്പണികൾ നടത്തിയും ജല മോഷണവും അനധികൃത ഉപയോഗവും തടയുന്നതിനുള്ള പരിശോധന കൾ നടത്തി പിഴ ചുമത്തിയും കേടായ മീറ്ററുകൾ മാറ്റി സ്ഥാപിച്ചും, കാലപ്പഴക്കം വന്ന വിതരണ ടാങ്കുകളുടെ നവീകരണ പ്രവൃത്തികൾ ചെയ്തും ജലനഷ്ടത്താലുണ്ടാകുന്ന വരുമാന നഷ്ടം കുറക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ